(ബി) വിദേശത്ത് തൊഴിൽ വാഗ്ദാനം ചെയ്ത് മലയാളികളെ കൊണ്ടു പോയി വാഗ്ദാനപ്രകാരമുള്ള തൊഴിലോ ശമ്പളമോ നൽകാതെ ബുദ്ധിമുട്ടിക്കുന്ന ഏജൻസികളുടെ വിശദ വിവരങ്ങൾ നോർക്ക വകുപ്പിന് ലഭിച്ചാൽ പ്രസ്തുത ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന പോലീസ് ഡയറക്ടർ ജനറലിനോ ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കോ വകുപ്പ് നിർദ്ദേശം നൽകാറുണ്ട്. പ്രസ്തുത വിഷയത്തിൽ പോലീസ് വകുപ്പ് സ്വീകരിച്ച നടപടിയുടെ വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല.

(സി) ഇറാക്കിൽ ദുരിതമനുഭവിക്കുന്ന മലയാളികളെപ്പറ്റി പ്രമുഖ മലയാള ദിനപ്പത്രങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിലും സർക്കാർ അടിയന്തിര നടപടികൾ കൈക്കൊള്ളുകയുണ്ടായി പ്രസ്തുത വിഷയത്തിൽ സർക്കാർ ഇറാക്കിലെ ഇന്ത്യൻ സ്ഥാനപതിയുമായും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായും അടിയന്തിരമായി ബന്ധപ്പെടുകയും ഇറാക്കിൽ ദുരിതമനുഭവിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും, കൂടാതെ അവരെ എത്രയും വേഗം നാട്ടിലെത്തിക്കണമെന്നും അഭ്യർത്ഥിക്കുകയും ചെയ്തു. അടിയന്തിര പ്രാധാന്യമുള്ള ഈ വിഷയത്തിൽ നേരിട്ട് ഇടപ്പെട്ട് സത്വര നടപടികൾ സ്വീകരിക്കണമെന്ന് ബഹു. കേരള മുഖ്യമന്ത്രി ബഹു. ഇന്ത്യൻ പ്രധാനമന്ത്രിയോട് അഭ്യർത്ഥിക്കുകയും, കൂടാതെ ഇറാക്കിലേക്ക് ആളുകളെ റിക്രൂട്ട് ചെയ്ത ഏജന്റുമാർക്കെതിരെ നടപടികൾ സ്വീകരിക്കണമെന്നും ഇറാക്കിൽ കുടുങ്ങിയിട്ടുള്ള ആളുകളുടെ വിവരം ശേഖരിച്ച് അവരെ എത്രയും പെട്ടെന്ന് നാട്ടിലെത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേരള നോർക്കാ വകുപ്പുമന്ത്രി കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു. ഇറാക്കിൽ കുടുങ്ങിയിട്ടുള്ള ആളുകളെ നാട്ടിലെത്തിക്കുന്നതിന് നോർക്ക വകുപ്പ് മുന്തിയ പരിഗണനയാണ് നൽകിയിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ

*29 [149] ശ്രീ. എ. സി. ഷൺമുഖദാസ്:

ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. കെ. പി. മോഹനൻ:

„ സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഏതെങ്കിലും റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അവ ഏറ്റെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് എന്ത് തുകയാണ് നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത് ;

(ഡി) പി. ഡബ്ല്യൂ. ഡി. ഡിവിഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ ചേർത്തിരുന്ന മറ്റ് ജില്ലാതല റോഡുകൾ, വില്ലേജു റോഡുകൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട ചില റോഡുകൾ ഏറ്റെടുത്ത് പ്രധാന ജില്ലാതല റോഡുകളായി ഉയർത്തുകയും അവയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇവയെല്ലാംതന്നെ പ്രധാനപ്പെട്ട റോഡുകളായി (എം. ഡി. ആർ.) ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉള്ളവതന്നെയാണ്. ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ കൂടി കടന്നു പോവുക, ബസ് സർവ്വീസ് ഉണ്ടായിരിക്കുക, 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുക ഇവയെല്ലാമാണ് പ്രധാന മാനദണ്ഡങ്ങൾ. റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി ആന്റ് ഡി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ 210.79 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലവൽ ടാക്സ് ഫോഴ്സ് കമ്മിറ്റിയാണ് ഇപ്പോൾ അറ്റകുറ്റപ്പണികളുടെ തുക ഓരോ ഡിവിഷനും അനുവദിച്ചുവരുന്നത്. സബ് ഡിവിഷൻ തലത്തിൽ തുകയൊന്നും അനുവദിക്കാറില്ല. ദേശീയപാതയുടെ കീഴിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നേരിട്ട് തുക അനുവദിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 548.79 ലക്ഷം രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. ഡിവിഷൻ സബ് ഡിവിഷൻ തലത്തിൽ തുക അനുവദിക്കാറില്ല.

പാഠപുസ്തകങ്ങളുടെ അച്ചടി

*30 [150] ശ്രീ. ടി. കെ. ദേവകുമാർ:

,, ടി. കെ. ബാലൻ:

,, പിരപ്പൻകോട് മുരളി:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly